# കൃഷിയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും

കേരളത്തിൽ കൃഷി അനുബന്ധ മേഖലയുടെ വികസനത്തിൽ വലിയ പങ്കുവഹിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർണായകമായുള്ളത്. നാളിതുവരെ നമ്മൾ കൃഷിയെ സമീപിച്ചിരുന്ന രീതിയിൽ നിന്നും മാറി ആസൂത്രിതമായ സമീപനത്തിലൂടെ മാത്രമേ മാറ്റങ്ങൾ സൃഷ്ടിക്കാനാവു. ഉൽപാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതോടൊപ്പം നല്ല വില ലഭിക്കുന്നതിന് സഹായകമായ രീതിയിൽ ശക്തമായ മാർക്കറ്റിംഗ് നെറ്റ്‌വർക്കും മൂല്യ അധിഷ്ഠിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്ന യൂണിറ്റുകളും ഉണ്ടാകേണ്ടതുണ്ട്. കർഷകർക്ക് കുറഞ്ഞ നിരക്കിൽ ഗുണനിലവാരമുള്ള ഉത്പാദനോപാധികൾ ലഭ്യമാക്കാനും ഏറ്റവും പുതിയ സാങ്കേതികവിദ്യ കാർഷിക മേഖലയിൽ വിനിയോഗിക്കാനും കർഷകരെ ഹൈടെക് കർഷകരാക്കി മാറ്റാനുമുള്ള ഇടപെടൽ ഉണ്ടാവണം.

ഉൽപാദനവും ഉൽപാദനക്ഷമതയും വർധിക്കുന്നതോടൊപ്പം കർഷകനും കർഷക തൊഴിലാളിക്കും നല്ല വരുമാനം ലഭിക്കാനും ഉതകുന്ന തരത്തിൽ സമഗ്രമായ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്. കർഷകർക്ക് സമയബന്ധിതമായി വൈദ്യം ഉള്ള തൊഴിലാളികളെ ലഭ്യമാക്കാൻ ഉതകുന്ന തരത്തിൽ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും കാർഷിക കർമ്മ സേനകൾക്ക് രൂപം നൽകണം. അതുവഴി ചെറുപ്പക്കാരെയും കാർഷിക മേഖലയിൽ എത്തിക്കാനും അവർക്ക് നല്ല പരിശീലനം ലഭ്യമാക്കി കർഷകർക്ക് അവർ ആവശ്യപ്പെടുന്ന സമയത്ത് നിലമൊരുക്കാൻ വിത്ത് ഇടാൻ കള പറിക്കാൻ വിളവെടുക്കാൻ രോഗപരിപാലനം എന്നിവയ്ക്കൊക്കെ ഉപയോഗിക്കാൻ ഉതകുന്ന തരത്തിൽ കർമ്മസേനകളെ ഉപയോഗിക്കാവുന്നതാണ്.

ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും ഓൺലൈൻ മാർക്കറ്റിംഗ് നെറ്റ്‌വർക്ക് ആരംഭിക്കണം. ബ്ലോക്ക് തലത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ആരംഭിക്കുന്ന മാർക്കറ്റിംഗ് നെറ്റ് വർക്കിനെ മാനേജ് ചെയ്യാനും പരിശീലനം നൽകാനും സാങ്കേതിക പിന്തുണ നൽകാനും മറ്റു മാർക്കറ്റുമായി ലിങ്ക് ചെയ്യാനും ഉതകുന്ന തരത്തിലുള്ള പരിപാടികൾ ഉണ്ടാവണം.

ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും കാർഷിക ഉൽപ്പന്നങ്ങളുടെ ലഭ്യത അനുസരിച്ച് മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്ന യൂണിറ്റുകൾ ആരംഭിക്കണം പ്രസ്തുത യൂണിറ്റുകളിൽ ഉത്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങളും പഞ്ചായത്ത് മാർക്കറ്റിംഗ് നെറ്റ്‌വർക്ക് വഴി വീടുകളിൽ എത്തിക്കാനുള്ള സംവിധാനം ഉണ്ടാവണം. പ്രാദേശികമായി ശേഖരിക്കുന്ന ജൈവ വേസ്റ്റുകൾ ഉപയോഗിച്ച് ജൈവ ഉം നിർമ്മിക്കുന്ന യൂണിറ്റുകൾ ആരംഭിക്കാൻ കഴിയണം.

ഉൽപാദന ഉപാധികൾ വിലകുറച്ച് നൽകാനും ഉൽപ്പന്നങ്ങൾ കൂടിയ വിലയ്ക്ക് എടുക്കാനും കഴിയുന്ന തരത്തിൽ മാർക്കറ്റിംഗ് സജ്ജീകരിക്കാൻ വേണ്ടി സബ്സിഡി തുക വിനിയോഗിക്കണം അല്ലാതെ നൽകുന്ന സബ്സിഡികൾ ഒഴിവാക്കുന്നത് നന്നായിരിക്കും. ഓരോ പ്രദേശത്തിന്റെയും സാധ്യതയും പ്രത്യേകതകളും മനസ്സിലാക്കി ആ പ്രദേശത്തിൻറെ കാർഷിക സമഗ്ര പദ്ധതികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ തയ്യാറാക്കണം. അത്തരത്തിൽ പദ്ധതിക്ക് രൂപം നൽകുമ്പോൾ നേരത്തെ ഉണ്ടായിരുന്നില്ല എന്ന് വ്യത്യസ്തമായി ഭൂമിയുടെ വിനിയോഗത്തിൽ വളരെയധികം മാറ്റം വന്നിട്ടുള്ളതായി കാണാൻ കഴിയും. കൃഷിക്കായി ഈ ഭൂമി വിനിയോഗിക്കേണ്ടി വരുമ്പോൾ അതിനൊതകുന്ന തരത്തിൽ ആ ഭൂമിയെ മാറ്റിയെടുക്കുന്നതിന് ജലസേചന സൗകര്യം അടക്കമുള്ള ഭൗതിക സൗകര്യത്തിൽ എന്ത് മാറ്റം വരുത്തണം എന്നതും ഈ സമഗ്ര പദ്ധതിയിൽ ഉണ്ടാവണം. ഓരോ പ്ലോട്ടിലും കൃഷി മണ്ണ് ജല സംരക്ഷണം മൃഗസംരക്ഷണം മത്സ്യകൃഷി പരിസ്ഥിതി സംരക്ഷണം തുടങ്ങി എല്ലാ കാർഷിക അനുബന്ധ മേഖലകളും ഉൾപ്പെടുത്തി ആ പ്രദേശത്ത് നിന്നും പരമാവധി വരുമാനവും ഉൽപാദനവും വർദ്ധിപ്പിക്കാൻ തലത്തിൽ എങ്ങനെ കർമ്മ പരിപാടി തയ്യാറാക്കാം എന്നതും ഈ പദ്ധതിയുടെ ഭാഗമാകണം. കർഷകനും കർഷക തൊഴിലാളിയും ആ സമൂഹത്തിൽ അംഗീകരിക്കപ്പെടേണ്ട വ്യക്തിത്വങ്ങൾ ആയി മാറാൻ ഉതകുന്ന തരത്തിലുള്ള സാംസ്കാരിക പരിപാടികളും കൃഷിയുടെ അനുബന്ധമായി ഉണ്ടാകേണ്ടതുണ്ട്. സമഗ്ര പദ്ധതി തയ്യാറാക്കാനുള്ള വിവരശേഖരണം നടത്തുമ്പോൾ കൃഷിയുടെ അനുബന്ധ മേഖലകളുടെ സാധ്യതകളെക്കുറിച്ച് പഠിക്കുന്നതോടൊപ്പം ആ പ്രദേശത്തെ ഓരോ ഉൽപ്പന്നങ്ങളുടെയും ഉപഭോഗത്തിന്റെ സ്ഥിതി വിവരവും ശേഖരിക്കുന്നത് പ്രാദേശിക മാർക്കറ്റിംഗ് രൂപപ്പെടുത്താൻ സഹായകമാകും.

പി.സി. സുബൈദ

പടന്ന ഗ്രാമ പഞ്ചായത്ത് പ്രസിഡൻ്റ്